നഗരൂർ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1691 [2543] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിൽപ്പെട്ട നഗരൂർ പഞ്ചായത്തിൽപ്പെട്ട എത്ര പേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതി അനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിന്റെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ നഗരൂർ പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതി പ്രകാരം 77026 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 374 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

നാവായിക്കുളം പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1692 [2544] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽപ്പെട്ട എത്രപേർക്ക് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്ഥിരമായ തൊഴിൽ നൽകാൻ സംവിധാനമില്ല. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിക്കാറുള്ളത്. അപ്രകാരം ഈ കാലയളവിൽ ഗ്രാമവികസന പദ്ധതി പ്രകാരം നാവായിക്കുളം പഞ്ചായത്തിൽ 1,01,778 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 674 കുടുംബങ്ങൾക്ക് തൊഴിൽ ദാനം ചെയ്തിട്ടുണ്ട്.

പുളിമാത്ത് പഞ്ചായത്തിൽ ഗ്രാമവികസന പദ്ധതിയനുസരിച്ച് തൊഴിൽ ലഭിച്ചവർ

1693 [2545] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly